പെരിങ്ങളായി.എൽ

പി.സ്കൂൾ

# അക്കാദമിക
# മാസ്റ്റർപ്ലാൻ

# ആമുഖം

നവതിയുടെ നിറവിൽ കഴിയുന്ന പെരിങ്ങളായി എൽ.പി സ്കൂളിൽ ഇന്ന് 10 ആൺകുട്ടികളും 8 പെൺകു-ട്ടികളുമായി ആകെ 18 കുട്ടികളാണുള്ളത്. അധ്യാപകരായി 4 പേർ ആണ് ഉള്ളത്. 4 പേരിൽ എല്ലാവരും സ്ത്രീകളാണ് സ്കൂൾ അന്നാദായകരമായതിനാൽ 4 പേരും ദിവസവേതനത്തിൽ ജോലിചെയ്യുന്നവരാണ്

സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങൾ പൊതുവിദ്യാ-ഭ്യാസസംരക്ഷണയജ്ഞത്തിന്റെ പ്രവർത്തനം കൊണ്ട് കൂടുതൽ മെച്ചപ്പെട്ടിട്ടുണ്ട്. സ്കൂളിന്റെ നിലവിലുള്ള രണ്ടു കെട്ടിടങ്ങ-ളിൽ ഒരു കെട്ടിടം രണ്ട് ക്ലാസ് മുറികളാക്കി തിരിച്ച് ഒന്ന് സ്മാർട്ട് ക്ലാസ് റൂമാക്കി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അ-തുപോലെ കളിസ്ഥലം വിപുലീകരിച്ചിട്ടുണ്ട്. സ്കൂളിന് സ്വന്തമായി ഒരു സ്റ്റേജും പൂർത്തീകരിച്ചിട്ടുണ്ട്. ക്ലാസിലെ ഫർണിച്ചറുകൾ, ക്ലാസ് ലൈബ്രറി, ഫാൻ സൗകര്യം, ടോയ്‌ലറ്റ് പൈപ്പ് സൗകര്യം എന്നിവയും ഉണ്ട്. ഭക്ഷണശാല, ഓഫീസ് റൂം, ലൈബ്രറി റൂം എന്നിവ ഒഴിച്ചാൽ മറ്റ് ഏറെയൊക്കെ സൗക-ര്യങ്ങൾ നമ്മുടെ വിദ്യാലയത്തിലുണ്ട്.

അക്കാദമിക നിലവാരത്തിൽ പൊതുവെ തീരെ മോശമല്ലാത്ത അവസ്ഥയിലാണ്. കഴിഞ്ഞ പരീക്ഷകളിൽ മികച്ച നിലവാരം പുലർത്താത്ത കുട്ടികളെ മലയാളത്തിളക്കം പോലുള്ള പ്രവർത്തനങ്ങളിലൂടെ മുൻനിരയിലെത്തിക്കാ-

നുള്ള ശ്രമം തുടരുന്നുണ്ട്. തുടർച്ചയായ 6 വർഷങ്ങളിൽ നമ്മുടെ കുട്ടികൾ എൽ.എസ്.എസ് നേടിയിട്ടുണ്ട്. ഇതു-കൂടാതെ പഞ്ചായത്ത് തല വിജ്ഞാനോത്സവത്തിൽ പങ്കെടുത്ത് കുട്ടികൾ 1,2,3 സ്ഥാനങ്ങൾ നേടിയിട്ടുണ്ട്. സബ്ജില്ലാ ശാസ്ത്രമേളയിൽ പങ്കെടുത്ത കുട്ടികളൊക്കെ A grade നേടാനും ചാർട്ട് പ്രദർശനത്തിന് ജില്ലാ മത്സരത്തി-ൽ പങ്കെടുക്കാനും അവിടെയും A grade നേടാനുള്ള അവസരങ്ങൾ ഉണ്ടായിട്ടുണ്ട്. കലാമത്സരത്തിൽ സബ്ജി-ല്ലാ തലത്തിൽ രണ്ടാം സ്ഥാനവും, തമിഴ് പദ്യത്തിന് 3-ാം സ്ഥാനവും പങ്കെടുത്ത മറ്റ് ഇനങ്ങളിൽ A grade നേട-ാനും സാധിച്ചിട്ടുണ്ട്. പ്രാദേശികമായി നടക്കുന്ന ക്വിസ് പരി-പാടികളിലൊക്കെ നല്ല സ്ഥാനം നേടാൻ കഴിയാറുണ്ട്.

സ്കൂളിലെ മുഴുവൻ കുട്ടികളെയും അവരു-ടേതായ ഉയർന്ന തലങ്ങളിലേക്ക് ഉയർത്താൻ അധ്യാപക-രോടൊപ്പം രക്ഷിതാക്കളും സഹകരിക്കണം. ഭൂരിഭാഗം രക്ഷി-താക്കളും ശ്രദ്ധിക്കുന്നവരാണെങ്കിലും ചിലരെങ്കിലും ജോലി-ത്തിരക്കോ, അറിവില്ലായ്മയോ കാരണം കുട്ടികളെ വേണ്ട വിധം ശ്രദ്ധിക്കുന്നില്ല. അത്തരം കുട്ടികളാണ് നമ്മുടെ. പിന്നോക്കാവസ്ഥയിലുള്ളത്.
സ്കൂളിലെ പഠന

# കാഴ്ചപ്പാട്

വിദ്യാലയ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി വിദ്യാലയത്തിൽ ഉദ്ദേശിച്ച ഭൗതിക സാഹചര്യ മാറ്റങ്ങൾ നേടാനായിട്ടുണ്ട്. അതുപോലെത്തന്നെ അക്കാദമികനിലവാരവും ഓരോ കുട്ടിയുടെ നിലവാരത്തിനനുസരിച്ച് ഓരോ കുട്ടിയെയും അച്ചടക്കവും ഉത്തരവാദിത്വബോധവും സത്യസന്ധതയുമുള്ള ഒരു നല്ല മനുഷ്യനാക്കി മാറ്റി വീടിനും നാടിനും ഉപകാരപ്രദമാകുന്ന വിധത്തിൽ സമൂഹത്തിന്റെ നല്ല ഭാഗമാക്കിമാറ്റാനും നല്ല തലമുറയെ രൂപപ്പെടുത്താനും നമ്മുടെ സ്കൂളിന് ഒരു നല്ല പങ്ക് വഹിക്കാനും സാധിക്കും. ഇതിനുതകുന്ന പഠനപ്രവർത്തനങ്ങളാണ് ചിട്ടപ്പെടുത്തിയിരിക്കുന്നത്.

"ലക്ഷ്യം നേടാം നല്ലവരാകാം
അജയ്യരാകാം വിജയം നേടാം"

നമ്മുടെ വിദ്യാലയത്തിലൂടെ കടന്നുപോകുന്ന കുട്ടി ശുചിത്വം, സത്യസന്ധത, അച്ചടക്കം, സാമൂഹ്യബോധം, മാനുഷിക മൂല്യങ്ങൾ എന്നീ സദ്ഗുണങ്ങൾ ഉൾക്കൊണ്ട് അവന്റെ ക്ലാസ്തലത്തിൽ നേടേണ്ട എല്ലാ അടിസ്ഥാന ശേഷികളും നേടിയിരിക്കും.

# പൊതുലക്ഷ്യങ്ങൾ

I. ഒന്നാം ക്ലാസിലെ കുട്ടികൾ അവരുടെ നിലവാരത്തിനനുസരിച്ച് മാർച്ച് മാസം ആശയബോധ്യത്തോടെ സ്വന്തമായി എഴുത്തും വായനയും സ്വായത്തമാക്കും. ഒരക്കസംഖ്യകളുടെ സങ്കലനം, വ്യവകലനം, 100 വരെയുള്ള സംഖ്യാബോധം ഉറപ്പാക്കും.

തങ്ങളുടെ പരിസരത്തുള്ള ചിരപരിചിതമായ ചെടികളും ജീവികളെയും അവയുടെ പ്രയോജനങ്ങളും തിരിച്ചറിയാൻ സാധിച്ചിട്ടുണ്ട്. ശുചിത്വം, ആരോഗ്യവിദ്യാഭ്യാസം എന്നിവയിൽ പ്രാവീണ്യം നേടും. അവരുടെ നിലവാരത്തിലുള്ള കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് സ്വായത്തമാക്കും. അക്ഷരങ്ങൾ ഉറപ്പിക്കും. പാഠഭാഗങ്ങളിലുള്ള സ്പെല്ലിംഗുകൾ സ്വായത്തമാക്കും.

II. രണ്ടാം തരത്തിലെ കുട്ടികൾ അവരുടെ നിലവാരത്തിനനുസരിച്ച് മാതൃഭാഷയിൽ എഴുത്തും വായനയും സ്വന്തമായി ചെറിയ രചനകൾ, കഥകൾ, കവിതകൾ കുറിപ്പുകൾ എന്നിവ എഴുതാനും വായിപ്പിക്കാനും സാധിക്കും. ഇംഗ്ലീഷ് സ്വന്തമായി വായിക്കാൻ സാധിക്കും. രണ്ടക്കസംഖ്യകളുടെ സങ്കലനം, വ്യവകലനം, 2,5,10 സംഖ്യകളുടെ ഗുണനം ജീവിതഗന്ധിയായ സങ്കലനം, വ്യവകലനം എന്നിവ സ്വായത്തമാക്കും.

പരിസരങ്ങളിലുള്ള ജീവികൾ, ചെടികൾ, ജലസ്രോതസ്സുകൾ പരിസ്ഥിതിശുചിത്വം, ആരോഗ്യം ബോധവാന്മാരാകും.

ജീവിതഗന്ധിയായ സങ്കലനം, വ്യവകലനം, ഗുണനം എന്നിവയും 100 വരെയുള്ള സംഖ്യാബോധം എന്നിവ സ്വായത്തമാക്കും.

ക്ലാസുകളിലെ കുട്ടികൾ അവരുടെ നിലവാരത്തിനനുസരി മലയാളം, ഇംഗ്ലീഷ് എന്നീ ഭാഷ കുട്ടികളുടെ നിലവാരമനുസ തെറ്റില്ലാതെ ഒഴുക്കോടെയും വായിച്ച് മനസിലാക്കാനുള്ള ശേ നേടും.

ഗണിതം - 4 അങ്ക സംഖ്യകളുടെ ചതുഷ്ക്രിയകൾ ജീവിതഗന്ധി കാര്യങ്ങൾ എന്നിവയിൽ പ്രാവീണ്യം നേടും. ലഘുപരീക്ഷ ണങ്ങളിലൂടെ ശാസ്ത്രസത്യങ്ങൾ മനസിലാക്കും.

പഠനപിന്നാക്കക്കാർക്കായി വായനാക്കൂട്ടം, അക്ഷ രക്കം, ശ്രദ്ധ എന്നീ പദ്ധതിയിലൂടെ വിജയം നേടും.

## പഠനപ്രവർത്തനങ്ങൾ

* മാതൃഭാഷാനിലവാരം ഉയർത്താൻ വാക്കുകൾ കൂട്ടി വായിക്കാനും, എഴുതാനും അവസരങ്ങൾ സൃഷ്ടിക്കുന്നു. ചെറിയ കഥകൾ സ്വയം വായിക്കാനുള്ള അവസരം സൃഷ്ടിക്കുന്നു, ചെറുകുറിപ്പുകൾ തയ്യാറാക്കുന്നു. ചിത്രം നോക്കി കഥകൾ പറയിപ്പിക്കുന്നു.

രണ്ടാം തരത്തിലെ കുട്ടികൾക്ക് കഥകൾ വായിക്കാൻ പുസ്തകങ്ങൾ നൽകുന്നു. ചിത്രം നോക്കി കഥ, കവിത എന്നിവ എഴുതിപ്പിക്കുന്നു. പത്രവാർത്തയിലെ ചില വാക്കുകൾ വായിപ്പിക്കുന്നു. ഡയറിയെഴുതിപ്പിക്കുന്നു. കവിത, കടങ്കഥ, ചൊല്ലുകൾ കേൾക്കാനും ശേഖരിക്കാനും അവസരം നൽകുന്നു.

3,4 ക്ലാസുകളിൽ മികച്ച രചനകൾ പാഠഭാഗവുമായി ബന്ധപ്പെട്ടവ മെച്ചപ്പെടുത്തി ബാലസഭകളിൽ അവതരിപ്പിക്കുന്നു. വർഷാവസാനം ഓരോ കുട്ടികൾക്കും ഓരോ പതിപ്പ് രൂപപ്പെടുത്തുന്നു. PTA കളിൽ പ്രദർശിപ്പിക്കുന്നു. സർഗവേളകളിൽ പപ്പറ്റ്, കടങ്കഥ, കൃതികൾ എന്നിവ അവതരിപ്പിക്കുകയും ശേഖരണം നടത്തുകയും ചെയ്യുന്നു.

* ഇംഗ്ലീഷ് പഠനം മെച്ചപ്പെടുത്താൻ കുട്ടികൾക്ക് അത്യാവശ്യം വേണ്ട കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് പ്രയോഗിക്കാനാകുന്നു. [illegible], പാഠഭാഗവുമാ

* നിരന്തരവിലയിരുത്തലിന്റെ ഭാഗമായി 1,2,3,4 ക്ലാ-
സുകളിൽ ഓരോ കുട്ടിക്കും ഓരോ ഫയൽ പോർട്ട്ഫോ
വിലയിരുത്തലുകൾക്ക് കൂടുതൽ അവസരങ്ങൾ നൽകു-
ന്നു.

* കലാകായിക പ്രവൃത്തി പരിചയം - മേളയിലെ
പങ്കാളിത്തം - എല്ലാ ക്ലാസുകൾക്കും പാഠഭാഗ-
ങ്ങൾക്ക് പുറമെയുള്ളവ, പ്രാവീണ്യമുള്ളവരെ
സ്കൂളിൽ കണ്ടെത്തി അതാതുരംഗങ്ങളിൽ താൽപ-
ര്യമുള്ള കുട്ടികൾക്ക് പരിശീലനം നൽകും. ICT
സാധ്യത ഉപയോഗിക്കും

* മറ്റ് പ്രവർത്തനങ്ങളിൽ - എല്ലാ ക്ലാസുകളിലും
വിവിധ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ കൂടുതൽ
കാര്യക്ഷമമാക്കും. ഗണിതക്ലബ്ബ്, വിദ്യാരംഗം, ശുചിത്വ
ക്ലബ്ബ്, സ്ക്വാഡ് പ്രവർത്തനം, സാമൂഹ്യശാസ്ത്രക്ലബ്ബ്
ദിനാചരണങ്ങൾ, ക്വിസ്, റാലി, അഭിമുഖം, ഹരിതക്ലബ്ബ്
ഹരിതവൽക്കരണം, പച്ചക്കറികൃഷി, ജൈവപച്ചക്കറി
കുട്ടികളെ പരിചയപ്പെടുത്തുക

* ലൈബ്രറി ശാക്തീകരണം - എല്ലാ ക്ലാസുകളിലും
വായനാമരം പദ്ധതി, അമ്മമാർക്കും കുട്ടികൾക്കും
സമ്മാനപദ്ധതി, ക്ലാസ് ലൈബ്രറി, വായനാകാർഡുകൾ
ക്ലാസുകളിൽ നടത്തുന്നു. നാട്ടുകാർക്കും ലൈബ്രറി
പുസ്തകങ്ങൾ നൽകാൻ പ്രത്യേക ദിവസം കണ്ടെത്തു

* പഠനപിന്നോക്കാവസ്ഥ പരിഹരിക്കാൻ- രക്ഷിതാക്കൾ
ക്ക് ബോധവത്ക്കരണം, വായനാക്കൂട്ടം, മലയാളത്തി-
ളക്കം, ശ്രദ്ധ, വായനാക്കാർഡ്, ICT സാധ്യതകൾ, വിഷയ
സംബന്ധമായ ക്ലാസുകൾ എന്നിവ നടത്തി വരുന്നു